(സി) ഇവർക്ക് എത്രയും വേഗം പട്ടയം നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ കോളനിയിലെ താമസക്കാരായ 100 മത്സ്യത്തൊഴിലാളികളിൽ 78 പേർക്ക് വസ്തുവിൽ ഉടമസ്ഥാവകാശമുണ്ട്. ഇതിൽ 62 പേർ വസ്തു സ്വന്തം പേരിൽ കൂട്ടി കരമടച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

ഫിഷറീസ് വകുപ്പിലെ ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ നടപടി

92 [2812] ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967-ൽ ആവിഷ്ക്കരിച്ച സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ സർവീസ് ചട്ടങ്ങൾ പൂർണമായും കാലഹരണപ്പെട്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മത്സ്യമേഖലയിൽ ഉണ്ടായിട്ടുള്ള വികസനത്തിനും സാങ്കേതിക ആവശ്യകതകൾക്കും അനുസൃതമായി ഫിഷറീസ് വകുപ്പിലെ ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതു സംബന്ധിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കാലഹരണപ്പെട്ടവയല്ല.

(ബി ആന്റ് സി) ബാധകമല്ല.

ഫിഷറീസ് വകുപ്പിലെ എസ്. എൽ. ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തിയതായുള്ള ഉത്തരവ്

93 [2813] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽ ജോലി ചെയ്തിരുന്ന 27 എസ്.എൽ.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടും, ഇവരുടെ സേവന വേതന വ്യവസ്ഥകളും, പി.എഫും ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ കാലതാമസം നേരിടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly